പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി. എസ്. സി. യിൽ നിന്നും ഏറ്റവും ഒടുവിൽ നിയമനം നടത്തിയത് 9-05-2000-ത്തിലാണ്. താഴെപ്പറയുന്ന തീയതികളിൽ പി.എസ്.സി. യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

20-07-2000	3 ഒഴിവുകൾ
01-08-2000	1 ഒഴിവ്
24-03-2001	3 ഒഴിവുകൾ
27-11-2001	1 ഒഴിവ്
13-02-2003	4 ഒഴിവുകൾ
ആകെ	12 ഒഴിവുകൾ

(ഇ) 1997- ജനുവരി 1 മുതൽ നാളിതുവരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം ലഭിച്ചവരുടെ ലിസ്റ്റ് കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.* നിയമവകുപ്പിൽ അവർ ജോലിയിൽ പ്രവേശിച്ച തീയതികളും പി.എസ്.സി. നിയമനം ലഭിച്ചവരുടെ അഡ്വൈസ് തീയതിയും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

(എഫ്) നിയമവകുപ്പിൽ പ്രവേശിക്കുന്നതുവരെ അവരവരുടെ വകുപ്പിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ജി) കെ.എസ്.ആന്റ് എസ്.എസ്. ആറിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്.

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 പേർക്ക് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ഒരാൾ ആശ്രിത നിയമന വ്യവസ്ഥ പ്രകാരവും ബാക്കി 12 പേർ കാറ്റഗറി 4-ൽ പ്പെട്ടവരുമാണ്. പി.എസ്.സി. വഴി നിയമനം ലഭിച്ചവരും സെക്രട്ടേറിയറ്റ് കാട്ടയിൽ നിയമനം ലഭിച്ചവരും ഇല്ല.

(ഐ) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 2-05-2003-ൽ അവസാനിച്ചു. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 5-08-2003-വരെ നീട്ടാനുള്ള ഒരു നിർദ്ദേശം നിലവിലുണ്ട്.

ഭവന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതുക

30 (1969) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്ര ;

(സി) ഇതിൽ ഓരോ വർഷവും എത്ര തുക ചെലവായി ; വകമാറ്റി ചെലവഴിച്ച തുക എത്ര ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, തൊടുപുഴ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കാക്കനാട് എന്നീ പദ്ധതികൾക്കായി 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ യഥാക്രമം 21.05 ലക്ഷം, 7.02 ലക്ഷം, 15.21 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഗ്രാമവികസനവുമായി ബന്ധപ്പെട്ട് ഇന്ദിര ആവാസ്യോജന പദ്ധതിയിൻ കീഴിൽ 2000-01-ൽ 2,445.22 ലക്ഷവും 2001-02-ൽ 3,476.69 ലക്ഷവും 2002-03-ൽ 3,160.32 ലക്ഷവും ലഭിച്ചിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 2002-03-ൽ 200 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ജുഡീഷ്യറിയുടെ ഇൻഫ്രാസ്ട്രക്ച്ചർ വികസനവുമായി ബന്ധപ്പെട്ട് 50% സെൻട്രലി സ്പോൺസേർഡ് സ്കീമിൽ 2000-01-ൽ 243.26 ലക്ഷവും 2001-02-ൽ 231.66 ലക്ഷവും 2002-03-ൽ 292.10 ലക്ഷവും ലഭ്യമായിട്ടുണ്ട്. വാത്മീകി, അംബേദ്കർ ആവാസ്യോജന പദ്ധതിയിൽ 2000-01-ൽ 266 ലക്ഷം രൂപയും 2001-02-ൽ 2,305.65 ലക്ഷം രൂപയും 2002-03-ൽ 2,571.65 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കിയ പദ്ധതിയിൽ 75% കേന്ദ്ര സർക്കാർ വിഹിതവും 25% കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വിഹിതവുമാണ്. ഗ്രാമവികസനത്തിനായുള്ള വിഹിതം 2000-01-ൽ 853.45 ലക്ഷവും 2001-02-ൽ 1,120.22 ലക്ഷവും 2002-03-ൽ 1089.59 ലക്ഷവുമാണ്. ഫിഷറീസ് മേഖലയിൽ 50% സംസ്ഥാന സർക്കാർ വിഹിതമാണ്. ജുഡീഷ്യറിയുടെ ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിൽ 2000-01-ൽ 41.18 ലക്ഷവും 2001-02-ൽ 61.78 ലക്ഷവും സംസ്ഥാന സർക്കാർ വിഹിതമാണ്. വാത്മീകി, അംബേദ്കർ ആവാസ് യോജനയിൽ 2001-02-ൽ 266 ലക്ഷം രൂപയും 2002-03-ൽ 1,333 ലക്ഷം രൂപയുമാണ് സംസ്ഥാന വിഹിതം.

(സി) തൊടുപുഴ പദ്ധതിക്ക് 93.57 ലക്ഷം രൂപയും കാക്കനാട് പദ്ധതിക്ക് 67.60 ലക്ഷം രൂപയുമാണ് പദ്ധതി ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ തൊടുപുഴ പദ്ധതി പണി പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഗ്രാമവികസനവുമായി ബന്ധപ്പെട്ട് 2000-01-ൽ 3,548.75 ലക്ഷവും 2001-02-ൽ 4,679.56 ലക്ഷവും 2002-03-ൽ 4,604.40 ലക്ഷവും ചെലവായി. ഫിഷറീസിനെ സംബന്ധിച്ച് ചെലവായ തുക 2000-01-ൽ 800 ലക്ഷവും 2001-02-ൽ 800 ലക്ഷവും 2002-03-ൽ 178 ലക്ഷവുമാണ്. മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് മുൻകൂർ ചെലവാക്കുന്നത്. ജുഡീഷ്യറിയുമായി ബന്ധപ്പെട്ട് 2000-01-ൽ 33.69 ലക്ഷവും 2001-02-ൽ 28.92 ലക്ഷവും 2002-03-ൽ 6.48 ലക്ഷവും ചെലവായി. മുകളിൽ പ്രതിപാദിച്ചവയിൽ യാതൊന്നിനും തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly